2025 - 26


# T C N M Govt . H S S

## NEDUMPARA

SCHOOL CODE:40012

UDISE CODE: 32131000106

# സമഗ്ര ഗുണമേന്മ വിദ്യാലയ വികസനരേഖ




KALTHURUTHY P O : 691309

PHONE : 0475 - 2344650

Email : tcnmghss40012@gmail.com

# വിദ്യാലയത്തിന്റെ ചരിത്രം

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ നെടുമ്പാറ വാർഡിൽ വടക്ക്-കിഴക്ക് മലനിരകൾക്ക് ഇടയിലായി റ്റി.സി. എൻ. എം ഗവ. എച്ച്.എസ്. എസ് സ്ഥിതി ചെയ്യുന്നു. 1957-ൽ അന്നത്തെ ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന റ്റി.സി നാരായണനാണ് പഞ്ചായത്ത് വക സ്കൂളായി റ്റി.സി. എൻ. എം സ്കൂൾ ആരംഭിച്ചത്. 1957-മുതൽ 1961 വരെ എലിമെന്ററി സ്കൂളായി തുടർന്ന റ്റി.സി.എൻ. എം സ്കൂൾ 1961-ൽ യു.പി യായും 1967-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 2010-ൽ പഞ്ചായത്ത് വക റ്റി.സി.എൻ.എം സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കുകയും റ്റി.സി. എൻ.എം ഗവ എച്ച്. എസ്. എസ് ആയി മാറുകയും ചെയ്തു. 2014-ൽ സ്കൂൾ ഹയർസെക്കണ്ടറി പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. 1957-ൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെയും നല്ലവരായ നാട്ടുകാരുടേയും, ബഹുജനങ്ങളുടേയും രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരുടെയും ശ്രമഫലമായി 1 ഏക്കർ സ്ഥലത്ത് 1 കെട്ടിടവുമായി നെടുമ്പാറ എലിമെന്ററി സ്കൂൾ എന്ന പേരിൽ സ്കൂൾ ആരംഭിച്ചു. പിന്നീട് ഹാരിസൺ പ്ലാന്റേഷൻ വിട്ടുനൽകിയ 3 ഏക്കറോളം വരുന്ന സ്ഥലത്ത് യു. പി.-എച്ച്.എസ് വിഭാഗങ്ങളോടെ 1967-ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

കിഴക്കൻ മലയോര മേഖലകളിലെ തോട്ടങ്ങളിൽ പണിയെടുക്കുന്ന തമിഴ്. മലയാളി കുടുംബങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാനായി തമിഴ് മീഡിയവും, മലയാള മീഡിയവും സ്കൂളിന് വേണ്ടി അന്നത്തെ കേരള ഗവൺമെന്റ് അനുവദിച്ചു നൽകി. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ തമിഴ് മലയാളം മീഡിയങ്ങളിലായി 4000 ത്തോളം കുട്ടികൾ പഠിച്ച സ്കൂൾ എന്ന നിലയിൽ കിഴക്കൻ മേഖലകളിലെ വിദ്യാകേന്ദ്രമായി വളരെക്കാലമായി റ്റി.സി. എൻ. എം സ്കൂൾ നിലനിൽക്കുന്നു. കഴിഞ്ഞ 8 വർഷമായി തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷക്ക് 100 ശതമാനം വിജയം വരിച്ച സ്കൂൾ എന്ന നിലയിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു. 2014-ൽ ഹൈസ്കൂൾ

ഹയർസെക്കണ്ടറി സ്കൂളായി മാറിയപ്പോഴേക്കും തമിഴ് മീഡിയം +1 കൂടി സർക്കാർ സ്കൂളിന് അനുവദിച്ചു നൽകി. കിഴക്കൻ മലയോര മേഖലയിൽ പ്രകൃതിരമണീയമായ പ്രദേശത്ത് തലയെടുപ്പോടെ ഈ സരസ്വതിക്ഷേത്രം നിലകൊള്ളുന്നു.

## ഉപമേഖല - ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിത പ്രവൃത്തി പരിചയമേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക | ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നി മേഖലകളിലെ വിവിധ മത്സരയിനങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | 1 വർഷം | Science S.S Maths Club | PTA |
| | സ്കൂൾതല മേളകൾ നടത്തുന്നു. വിജയികളെ പ്രോജക്ട്, ശാസ്ത്ര- പരീക്ഷണങ്ങൾ, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തൽ വരുത്തി ശാസ്ത്രമേളയ്ക്ക് - പങ്കെടുപ്പിക്കുക | 1 വർഷം | | |
| | സാമൂഹ്യശാസ്ത്ര മേളകളുമായി ബന്ധപ്പെട്ട് പ്രാദേശിക ചരിത്ര രചന, വർക്കിംഗ് മോഡൽ New reading, Talent Search Exam, Map making, Quiz Competition തുടങ്ങിയവയ്ക്ക് പരിശീലനം | 1 വർഷം | S.S. Club | PTA |
| | സ്കൂൾതല വിജയികൾക്ക് സർട്ടിഫിക്കറ്റ്, മെഡലുകൾ വിതരണം | | | |

ഉപമേഖല - CWSN

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| CWSN കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നല്കുക | സ്പെഷ്യൽ അധ്യാപകർ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനം അതാത് ക്ലാസ്സുകളിൽ തന്നെ നല്കുന്നു. | 1 വർഷം | All trs | |

ഉപമേഖല - പോഷകാഹാര പരിപാടി

| | | | | |
| --- | --- | --- | --- | --- |
| കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച | ഉച്ചഭക്ഷണത്തിനായുള്ള നൂൺ മീൽ കമ്മറ്റി കൃത്യമായ ഇടവേളകളിൽ കൂടുന്നു. മെനു തിരുമാനിക്കുന്നു | 1 വർഷം | നൂൺ മീൽ കമ്മറ്റി | നൂൺ മീൽ ഫണ്ട് |

ഉപമേഖല - കൗൺസിലിംഗ്

| | | | | |
| --- | --- | --- | --- | --- |
| വിവിധ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ നേരിടുന്ന ആത്മ വിശ്വാസം വരുത്തുക | Class trs കുട്ടികളെ കണ്ടെത്തി BRC തല കൗൺസിലിംഗ് ടീ സഹായത്താൽ കൗൺസിലിംഗ് നടത്തുന്നു | 1 വർഷം | കൗൺസിലിങ് ടീച്ചർ Class tr | |

# ലക്ഷ്യങ്ങൾ

പൊതുവിദ്യാലയങ്ങളിലെത്തുന്ന കുട്ടികളുടെ സർവ്വതോന്മുഖമായ വികസനം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.അക്കാദമിക് രംഗത്ത് ആർജ്ജിക്കേണ്ട ശേഷികൾ നേടുന്നതിനുള്ള എല്ലാ സഹായങ്ങളും കുട്ടിക്ക് ലഭ്യമാക്കുകയും ഓരോ കുട്ടിയുടേയും കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.ഭാഷ,ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളിൽ ആർജ്ജിക്കേണ്ട ശേഷികൾ പട്ടികപ്പെടുത്തുകയും അനായാസമായി അവ നേടുന്നതിനുള്ള സാഹചര്യം സ്കൂളിലെത്തിച്ച് കൊടുക്കുകയും ചെയ്യുന്നു.ഭാഷയിൽ പ്രത്യേകിച്ച് മാതൃഭാഷ കൈകാര്യം ചെയ്യുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക, സർഗ്ഗാത്മകത പരിപ്പോഷിപ്പിക്കുക,ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള കഴിവ് നേടിയെടുക്കുക എന്നിവ അക്കാദമിക രംഗങ്ങളിലെ നേട്ടങ്ങളായി ലക്ഷ്യമിടുന്നു.

വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ ഉയർത്തുന്നതിനും കുട്ടിക്ക് പഠനത്തിന് ആവശ്യമായ എല്ലാ അനുയോജ്യഘടകങ്ങളും സ്കൂളിൽതന്നെ ഒരുക്കിക്കൊടുക്കുന്നതിനും ഭൗതീകരംഗത്തെ മികവ് വർദ്ധിപ്പിക്കുന്നതിനും പരിപ്പൂർണ്ണമായും സാങ്കേതികവിദ്യയിലൂടെ ക്രമീകരിക്കുന്ന ക്ലാസ്സ് റൂമുകൾ,ഐടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനുള്ള സൗകര്യം, ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ കൂടാതെ സ്കൂളും പരിസരവും ആകർഷകമായി ക്രമീകരിക്കുന്നതിനുള്ള പദ്ധതിയും ലക്ഷ്യമിടുന്നു.

# അക്കാദമികം

തോട്ടം മേഖലയിലെ തൊഴിലാളികളായ തമിഴ്-മലയാളി കുടുംബങ്ങളും കർഷകരും കർഷകത്തൊഴിലാളികളും ലയങ്ങളിലും മറ്റുമായി തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. സർക്കാൽ ജോലിയുളളവർ വളരെ ന്യൂനപക്ഷം മാത്രം. ആര്യങ്കാവ്, തെൻമല, ഇരുളൻകാട്, മാമ്പഴത്തറ, അരണ്ടൽ, അമ്പനാട്, വെഞ്ചർ, ആനച്ചാടി തുടങ്ങി വനമേഖലയോട് ചേർന്ന തോട്ടം മേഖലകളിലായി ഇതര മതവിഭാഗങ്ങളിൽപ്പെട്ടവർ താമസിക്കുന്നുണ്ടെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ് അധികവും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുളള അഭിനിവേശ മനോഭാവം പൊതുസമൂഹത്തിൽ കടന്നുകൂടിയിട്ടുളളതിനാൽ തമിഴ്-മലയാളം മാധ്യമത്തിലുളള സർക്കാർ സ്കൂളുകളെ അവഗണിച്ച് ഇതര മേഖലകളിലേക്ക് ചേക്കേറുന്നവരാണ് ബഹുഭൂരിപക്ഷം കുട്ടികളും രക്ഷിതാക്കളും.അതുകൊണ്ട് തന്നെ റ്റി.സി.എൻ.എം സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുമവരുന്നു.മലയാളം, തമിഴ് മീഡിയം ക്ലാസ്സ് റൂമുകളിൽ കുട്ടികളുടെ അറിവ് നിർമ്മാണ പ്രക്രിയാ കേന്ദ്രങ്ങളായി മാറുന്നു.കാണാതെ പഠിക്കുക എന്ന പതിവ് ശൈലിവിട്ട് ക്രിയാത്മകമായി പ്രവർത്തനാധിഷ്ഠിതമായി പഠനഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നു. കാലാകാലങ്ങളിലായി ലഭിക്കുന്ന പരിശീലനങ്ങൾ സർക്കാർ അതത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന നൂതന പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ എന്നിവയിലൂടെ അക്കാദമിക രംഗം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. തന്റെകുട്ടി എന്ത് പഠിക്കുന്നുവെന്ന് നേരിട്ട് കാണുന്നതിനും ചർച്ചകളിൽ ഇടപ്പെടുന്നതിനും രക്ഷകർത്താവിന് അവസരം നഭിക്കുന്നു. ക്ലാസ്സ് പി.ടി.എ-കൾ അക്കാദമിക മികവ് ചർച്ച ചെയ്യുന്നു. നിരന്തരമൂല്യനിർണ്ണയത്തിലൂടെ രക്ഷകർത്താവിന് കുട്ടിയുടെ മികവുകൾ അറിയിക്കുന്നതിനുളള അവസരം ലഭിക്കുന്നു. ശാസ്ത്രലാബുകളുടെ പ്രവർത്തനങ്ങൾ, മാതൃലൈബ്രറി എന്നിവ അക്കാദമിക രംഗത്തെ വിജയകരമായ ചുവടുവെയ്പ്പാണ്.അക്കാദമിക രംഗങ്ങളിൽ നൂതനമായ പലപദ്ധതികളും നടപ്പിലാക്കാൻ സ്കൂൾ ഉദ്ദേശിക്കുന്നു. ശാസ്ത്രകൗതുകം,മൈ ഇംഗ്ലീഷ് ക്ലാസ്സ്, എല്ലാവരും മികവിലേക്ക്, എല്ലാവരും പഠിക്കട്ടെ, ഗണിതം മധുരം എന്നീ പദ്ധതികൾ കുട്ടിയുടെ അക്കാദമിക

നിലവാരം മെച്ചപ്പെടുത്തുന്നതിന് കാരണമാകും.പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ അവരുടെ പഠനത്തിൽ ഒരു നാഴികല്ലാണ്. സാമൂഹ്യമായ ഇടപെടലുകളിലൂടെ വിവിധ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും പരിഹാരം കാണുന്നതിനും സ്കൂൾ സമൂഹത്തിന്റെ പരിഛേദമായി നിലകൊള്ളുന്ന തരത്തിൽ പ്രവർത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. പ്രാദേശിക പി.ടി.എ ജനകീയ സദസ്സ് തുടങ്ങിയ സമൂഹബന്ധിതമായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ മികവുകൾ സമൂഹത്തിന് എത്തിക്കുന്നതിനും പരസ്പര പൂരകമായി പ്രവർത്തിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപൂർണ്ണ സഹകരണത്തൊടെ സ്കൂൾ സമൂഹത്തിന്റെ ഭാഗമായി മാറുന്നതിനുള്ള പരിപാടികൾ ഈ പദ്ധതി ലക്ഷ്യമാണ്. ഒരു സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഇടപെടാൻ സാധിക്കുന്ന തരത്തിൽ സ്കൂളിനെ തയ്യാറാക്കിയെടുക്കുന്നതിന് ആവശ്യമായ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ.പി വിഭാഗം

## അക്കാദമികം - എൽ. പി. വിഭാഗം
### ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | കഥകളിലൂടെയും പാട്ടുകളിലൂടെയും അക്ഷരങ്ങളുടെ ലോകത്തേക്ക് എത്തുന്നു.<br><br>അമ്മവായന<br>അമ്മമാർ കുട്ടി കഥകൾ, കവിതകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.<br><br>കഥയരങ്ങ്, പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. | ജൂൺ ആഗസ്റ്റ് | SRG, ക്ലാസ് PTA മദർ PTA | ക്ലാസ് P.T.A |
| ചെറുവാക്യങ്ങൾ, വാക്കുകൾ എന്നിവ എഴുതാനും വായിക്കാനുമുള്ള ശേഷി കൈവരിക്കൽ | വായന കാർഡുകൾ, ചിത്രവായന, പദകാർഡ് എന്നിവ വിതരണം ചെയ്യുന്നു. പദക്കളി സംഘടിപ്പിക്കുന്നു. | | ക്ലാസ് ടീച്ചർ | SRG |

| | | | | |
|---|---|---|---|---|
| **വായന**<br><br>വായനാപരിപോഷണം<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br><br>ക്ലാസ് ലൈബ്രറി വികസനം<br>[പുസ്തക ശേഖരണവും പ്രദർശനവും]<br><br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br><br>[വായനാക്കളരി വായനാകാർഡ് തയ്യാറാക്കൽ]<br><br>വായനദിനം ജൂൺ-19<br>പോസ്റ്റർ രചന | വർഷം മുഴുവൻ | SRG, വായനശാല, സാഹിത്യ ക്ലബ്ബ്. | ക്ലബ്ബ്, SRG |

| | | | | |
|---|---|---|---|---|
| അക്ഷരം തെറ്റു കൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ. | | | | |
| വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്തല പ്രവർത്തനങ്ങൾ.<br>കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | പ്രതിമാസം<br>വർഷം-മുഴുവൻ | SRG, ക്ലാസ്ടീച്ചർ | P.T.A |
| എഴുത്ത് പരിപോഷിപ്പിക്കൽ | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ | | | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം.<br>ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | പ്രീ-ടെസ്റ്റ്<br>ഇംഗ്ലീഷ് അസംബ്ലി (One day English)<br>ക്ലാസ് റൂമിലും സ്കൂളിലും ലളിതമായ ഇംഗ്ലീഷ് ആശയവിനിമയങ്ങൾ നടത്താൻ അവസരമൊരുക്കൽ.<br>ചിത്രവായന.<br>കുട്ടികൾക്ക് അസംബ്ലിയിൽ സ്വയം പരിചയപ്പെടുത്താൻ അവസരം | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>PTA | PTA |

| | | | | |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, drama, Conversation, Story telling) | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | SRG |
| വായനാപരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ വായനാ വേള ഒരുക്കൽ വായനാ കുറിപ്പ്, പുസ്തക പരിചയം വായനാ മത്സരം, രചനാ മത്സരം മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ ആവർത്തനം | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | SRG<br>ക്ലാസ് PTA |

| | | | | |
|---|---|---|---|---|
| വായന- ആശയം അറിഞ്ഞും ഒഴുക്കോടെയും. | വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ. ബാല പ്രസിദ്ധീകരണങ്ങളുടെ വായന സംഘടിപ്പിക്കൽ. | ജൂൺ- മാർച്ച് | SRG ക്ലാസ്ടീച്ചർ | SRG |
| എഴുത്ത് പരിപോഷിപ്പിക്കൽ | പദസൂര്യൻ നിർമ്മാണം (word web) കടങ്കഥകൾ, സംഭാഷണം വരികൾ കൂട്ടിച്ചേർക്കൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | | SRG ക്ലാസ്ടീച്ചർ | SRG PTA |

## അക്കാദമികം - ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കാൻ കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | സംഖ്യാബോധം ഉറപ്പിക്കാൻ ലഘു കളികളിൽ ഏർപ്പെടുന്നു. ശേഖരണം — മഞ്ചാടിക്കുരു, ഈർക്കിൽ, എന്നിവ ഉപയോഗിച്ച് കൂട്ടങ്ങൾ ഉണ്ടാക്കാൻ പരിശീലിപ്പിക്കുന്നു. | ജൂൺ-സെപ്റ്റംബർ | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത ചിന്താശേഷി വളർത്തൽ. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | | | |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | മനക്കണക്കുകൾ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | SRG ക്ലാസ്ടീച്ചർ | PTA |
| ചതുഷ്ക്രിയകൾക്ക് പ്രാപ്തരാക്കുക. | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിലുകൾ, പാറ്റേണുകൾ, പഠനോത്പന്നങ്ങളുടെ പ്രദർശനം | | | |

## പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതിനടത്തം, പുഷ്പോദ്യാനം, ഔഷധത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം നിരീക്ഷണം | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| ശുചിത്വബോധമുള്ള വ്യക്തികളെയും സമൂഹത്തെയും സൃഷ്ടിക്കുന്നതിന്. | ശുചിത്വ ക്ലാസുകൾ, പോസ്റ്റർ രചനാമത്സരം അവതരണം | | | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം - കൃഷിയിടത്തിലേക്ക് | | | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടി കർഷകർ | ജൂൺ - ജനുവരി | | |
| ശാസ്ത്ര അവബോധം വളർത്തുക. | | ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിച്ച് തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്‌ടീച്ചർ | SRG |

# ACADEMIC MASTER PLAN 2025-26.

UP വിഭാഗം.

U.P English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | | | |
| | ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ |
| | ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| 4) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ കേന്ദ്രീകരിക്കുന്നു തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു(ലഘുവായവയിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്) | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reades of the Month നെ ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ |
| | <u>Leaning Laddes</u><br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കാച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | | പി.ടി.എ |
| 3) തെറ്റ്കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു. | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ്കൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

(3)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | | |
| | കഥകൾ, കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ അതാതു ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡിലും | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിക്കുവാൻ വേണ്ടി English fest സംഘടിപ്പിക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ ഭാരവാഹികൾ | |